കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ പൊതുമരാമത്തു വകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സംസ്ഥാന സർക്കാർ സമർപ്പിച്ച പുനരധിവാസപാക്കേജ് ആ രൂപത്തിൽ അംഗീകരിക്കാനാവില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചതിനെത്തുടർന്ന് വിളിച്ചുചേർത്ത മൂന്നാമത്തെ യോഗത്തിൽ ദേശീയപാതാ നിയമപ്രകാരം നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത പദ്ധതി ബാധിതർക്കു കൂടിയുള്ള നഷ്ടപരിഹാരം സംസ്ഥാന സർക്കാർതന്നെ നല്കുന്നകാര്യം പരിശോധിക്കാനും, ഇതിനുവേണ്ടിവരുന്ന തുക കണ്ടെത്താൻ കേന്ദ്രസഹായം അഭ്യർത്ഥിക്കാനും തീരുമാനിച്ചു.

(സി) രണ്ടാമത്തെ യോഗതീരുമാനപ്രകാരം പദ്ധതി ബാധിതരാകുന്ന എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു പുനരധിവാസപാക്കേജ് 20-9-2010-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. എന്നാൽ ദേശീയപാതാ നിയമപ്രകാരം, വസ്തുവിന്റേയും, കെട്ടിടത്തിന്റേയും ഉടമകൾക്ക് മാത്രമേ നഷ്ടപരിഹാരം നല്കാൻ സാധിക്കുകയുള്ളുവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയാണ്. കേന്ദ്ര നിയമത്തിന്റെ പരിധിയിൽപ്പെടാത്ത വിഭാഗങ്ങൾക്കുള്ള നഷ്ടപരിഹാരം സംസ്ഥാന സർക്കാർതന്നെ നല്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. ഇതിനായി കേന്ദ്രസഹായം തേടുന്നകാര്യവും പരിഗണനയിലുണ്ട്.

(ഡി) പുനരധിവസിക്കപ്പെടുന്നവർക്ക് പരമാവധി നഷ്ടപരിഹാരം നല്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ഗോസമൃദ്ധി, ക്ഷീരധാര പദ്ധതികൾ

15 (*14) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഗോ സമൃദ്ധി', 'ക്ഷീരധാര' എന്നീ പദ്ധതികളിലൂടെ പ്രതിവർഷം ക്ഷീരോൽപ്പാദനത്തിൽ എന്ത് വർദ്ധനവ് കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ഹൈടെക് ഫാമുകളുടെ പ്രവർത്തനത്തിലൂടെ പ്രതിവർഷം ക്ഷീരോൽപ്പാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടാക്കാൻ കഴിയുമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്.

(ബി) ഏകദേശം 20% വർദ്ധനവ് കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ക്ഷീരധാര, ഗോസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഗോസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പശുക്കളുടെ ജീവിതകാലഘട്ടത്തിലെ ആകെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശാസ്ത്രീയ പരിപാലനം ലഭ്യമാക്കിയിട്ടുണ്ട്.

ക്ഷീരധാര പദ്ധതിവഴി ഉൽപ്പാദനക്ഷമതകൂടിയ പശുക്കുട്ടികളുടെ പുതിയ തലമുറയെ സൃഷ്ടിക്കുവാൻ സാധിക്കുന്നു. ഈ പശുക്കുട്ടികൾ പാലുൽപ്പാദനം ആരംഭിക്കുമ്പോൾ പ്രതിദിനം 25 മുതൽ 30 ലിറ്റർ ഉൽപ്പാദനംവരെ പ്രതീക്ഷിക്കുന്നു. ഈ പദ്ധതികളുടെഫലമായി സംസ്ഥാനത്ത് പാലുൽപ്പാദനം 2008-09-ൽ 24.63 ലക്ഷം ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) പ്രതിവർഷം 30 ലക്ഷം കിലോഗ്രാം പാൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ മെച്ചപ്പെട്ട പശുക്കുട്ടികളെ കർഷകർക്ക് ലഭ്യമാക്കുകവഴിയും ഫാമിൽ ഉണ്ടാകുന്ന മികച്ച കാളകളെ പരിപാലിച്ച് ബീജം കർഷകർക്ക് ലഭ്യമാക്കുകവഴിയും കാലി സമ്പത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതാണ്. തൽഫലമായി ഉൽപ്പാദനക്ഷമതകൂടിയ പശുക്കുട്ടികളുടെ ഒരു പുതിയ തലമുറയെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നവർക്കെതിരെയുള്ള നടപടി

16 (*15) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയ്ക്ക് ഭക്ഷ്യവസ്തുക്കൾ സപ്ലൈ ചെയ്യുന്ന വിതരണക്കാരുകാർ വിതരണംചെയ്യുന്ന ഭക്ഷ്യ വസ്തുക്കൾ ഗുണനിലവാരമില്ലാത്തവയാണെന്നും വിഷാംശമുള്ളവയാണെന്നുമുള്ള പരാതിയെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇത് സംബന്ധിച്ച് വിജിലൻസ് വിഭാഗം അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ക്രമക്കേട് നടത്തിയ വിതരണക്കാരെ കരിമ്പട്ടികയിൽപ്പെടുത്തുമെന്നും നഷ്ടം ഈടാക്കുമെന്നും വ്യക്തമാക്കി കോടതിയിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ ; എങ്കിൽ അതുപ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly